I/36997/2023

**ബഹുമാനപ്പെട്ട ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ അധ്യക്ഷതയിൽ 25/11/2023-ൽ 11.00 A M-ന് നടന്ന റവന്യൂ അവലോകന യോഗ മിനുട്സ്**

11.00 AM- യോഗം ആരംഭിച്ചു. ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Receipts & Payments, Income & Expenditure, Pending Commitments തുടങ്ങിയ റിപ്പോർട്ടുകളുടെ സഹായത്താൽ വിശദീകരിച്ചു. പ്രതി മാസം നിശ്ചിത തുക KSEB യ്ക്ക് മാറ്റിവയ്ക്കേണ്ടതിനാൽ കളക്ഷൻ ഊർജിതമാക്കണമെന്ന് നിർദേശിച്ചു. കൂടാതെ പ്രതി മാസം 2 കോടി രൂപവീതം ജീവനക്കാരുടെ GPF ഫണ്ട് രൂപീകരിക്കുന്നതിനായി മാറ്റിവക്കുന്നുണ്ടെന്ന് അറിയിച്ചു.

തുടർന്ന് 2023 ഒക്ടോബർ മാസത്തിലെ ടാർജറ്റ് അച്ചീവ്മെന്റ് വിലയിരുത്തുകയും 50% ത്തിന് താഴെ മാത്രം ടാർജറ്റ് പൂർത്തീകരിച്ച താഴെ പറയുന്ന ഡിവിഷനുകളോട് AO RMC വിശദീകരണം ആരായുകയും ചെയ്തു.

- കൊട്ടാരക്കര
- സുൽത്താൻ ബത്തേരി
- കോട്ടയം
- ഇരിഞ്ഞാലക്കുട
- കൊല്ലം
- പത്തനംതിട്ട
- തൃശ്ശൂർ

ടാർജറ്റ് നിർണയിച്ചതിലെ വ്യത്യാസം കാരണമാണ് ടാർജറ്റ് പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് പല ഡിവിഷനുകളും അറിയിച്ചു. പല ഡിവിഷനുകളിലെയും 2023 ഏപ്രിൽ മാസത്തേ ഡി സിബി കളിലെ ഡിമാൻഡുകൾ (തെറ്റായ റീഡിങ്ങുകൾ പോസ്റ്റ് ചെയ്തിരുന്നതിനാൽ) വളരെ കൂടുതൽ ആയിരുന്നു .അതിനാലാണ് ടാർഗറ്റ് തെറ്റിയിരുന്നതു എന്നു മനസ്സിലാക്കിയതിനാൽ ഉടൻ തന്നെ ടാർഗറ്റ് റിവൈസ് ചെയ്യുന്നതാണ് എന്ന് RMC അറിയിച്ചു . ജലനിധി പദ്ധതിയിലെ കുടിശ്ശിക കാരണമാണ് ടാർജറ്റ് പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് കൊല്ലം ഡിവിഷനും തൃശ്ശൂർ കോർപറേഷനിലെ കുടിശ്ശിക കാരണമാണ് ടാർജറ്റ് പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് തൃശ്ശൂർ ഡിവിഷനും അറിയിച്ചിട്ടുണ്ട്.

താഴെ പറയുന്ന വിഷയങ്ങൾ മീറ്റിംഗിൽ വിശദമായി ചർച്ച ചെയ്തു.

1. **ഡിസ്കണക്ഷൻ** : വാട്ടർ ചാർജ് കുടിശ്ശികയുള്ള കണക്ഷനുകളിൽ ഡിസ്കണക്ഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് പിന്നിൽ നില്ക്കുന്നത് താഴെ പറയുന്ന ഡിവിഷനുകളാണ്.
   - കാസർഗോഡ്
   - പി.എച്ച്.കൊച്ചി
   - ഷൊർണൂർ
   - തിരുവനന്തപുരം നോർത്ത്

   ടി ഡിവിഷനുകൾ ഡിസ്കണക്ഷൻ നടപടികൾ ഊർജിതമാക്കണമെന്ന് FM & CAO നിർദേശിച്ചു. 30 KL ന് മുകളിൽ ഉപയോഗമുള്ളതും ആറ് മാസത്തിൽ അധികമായി ബില്ല് തുക അടക്കാത്തതുമായ കണക്ഷനുകളുടെ ലിസ്റ്റ് DBA ലഭ്യമാക്കിയത് അനുസരിച്ച് ഡിസംബർ 31 വരെയുള്ള ഡിസ്കണക്ഷൻ ടാർജറ്റ് റവന്യൂ ഓഫീസർമാരുടെ വാട്സ് ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്തതായി SS RMC അറിയിച്ചു. ടി ലിസ്റ്റ് പരിശോധിച്ച് സർക്കാർ സ്ഥാപനങ്ങൾ ഒഴിവാക്കി ഡിസ്കണക്ഷൻ ചെയ്യേണ്ടതാണ്. പി.എച്ച് .ഡിവിഷൻ സൗത്ത് തിരുവനന്തപുരത്തിന് നൽകിയ ടാർജറ്റിൽ അപാകതയുണ്ടെന്നും ടി ലിസ്റ്റ് പുനഃ പരിശോധിക്കണമെന്നും റവന്യൂ ഓഫീസർ ആവശ്യപ്പെട്ടു.

   ഡിസ്കണക്ഷൻ ടാർഗറ്റ് തന്നതിൽ ഗവണ്മെന്റ് കണക്ഷനുകളുടെ എണ്ണവും, ഡിസ്കണക്ഷനു മുൻപായി കുടിശിക അടക്കുന്നവരുടെ എണ്ണവും കൂടി RO മാർ ലിസ്റ്റ് ആക്കി തന്നാൽ ഇതു ടാർഗെറ്റിൽ

I/36997/2023

കുറക്കുന്നതാണെന്നു AO R M C അറിയിച്ചു

2. **<u>മൊബൈൽ നമ്പർ അപ്ഡേഷന്</u>**: മൊബൈൽ നമ്പർ അപ്ഡേഷൻ 100% പൂർത്തിയാക്കാത്ത ഡിവിഷനുകൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ് .
3. **<u>ഫോൾട്ടി മീറ്റർ സ്റ്റാറ്റസ്</u>** : കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിൽ ഏറ്റവും പിന്നിലുള്ള ഡിവിഷനുകൾ താഴെ പറയുന്നവയാണ്.
   - നെയ്യാറ്റിൻകര
   - കോഴിക്കോട്
   - ആലപ്പുഴ
   - കൊല്ലം
   - WS കൊച്ചി
   - തിരുവല്ല
   - തൊടുപുഴ
   - കോട്ടയം
   - തിരുവനന്തപുരം നോർത്ത്

   സർക്കാർ സ്ഥാപനങ്ങളിലെ കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ച് തുടർന്നുള്ള ബില്ലിൽ ഈ തുക കൂടി ഉൾപെടുത്തേണ്ടതാണ് എന്നു നേരത്തെയുള്ള നിർദേശം നടപ്പിലാക്കേണ്ടതാണ് എന്നു യോഗത്തിൽ അഭിപ്രായമുണ്ടായി .ഇതിനായി ഓരോ ഡിവിഷനുകൾക്കും എന്ത് തുക വേണ്ടിവരും എന്നു RO മാർ ലിസ്റ്റ് ആക്കി തന്നാൽ പരിഗണിക്കാം എന്ന് FM & CAO മറുപടി നൽകി .

4. **<u>റീഡിങ് പോസ്റ്റിങ്ങ്</u>**: ദ്വൈമാസ റീഡിങ്ങിൽ രണ്ട് ലക്ഷത്തോളം കണക്ഷനുകളിൽ റീഡിങ് എടുക്കാത്തതായി ഓഡിറ്റ് പരാമർശമുള്ളതായി AO RMC അറിയിച്ചു. 100% റീഡിങ് എടുക്കുന്നുണ്ടെന്ന് റവന്യൂ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. JJM വഴി നൽകിയ 2300 ഓളം കണക്ഷനുകൾ ജലനിധിക്ക് കൈമാറിയതായും ഇത് കാരണമാണ് റീഡിങ് പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും റവന്യൂ ഓഫീസർ, കൊല്ലം അറിയിച്ചു. 100% ന് മുകളിൽ റീഡിങ് എടുത്തതായി രേഖപ്പെടുത്തിയ ഡിവിഷനുകൾ ഡാറ്റ പരിശോധിക്കേണ്ടതാണ്. 95 ശതമാന ത്തിൽ കുറവ് റീഡിങ് വന്ന ഡിവിഷനുകൾ അടുത്ത മീറ്റിംഗുകളിൽ EXECUTIVE ENGINEER കൂടി മീറ്റിംഗിൽ പങ്കെടുത്തു കാര്യം വിശദികരിക്കേണ്ടതാണെന്നു FM & CAO കർശന നിർദേശം നൽകി .റീഡിങ് പോസ്റ്റിംഗിൽ ഏറ്റവും പിന്നിലുള്ള ഡിവിഷനുകൾ താഴെ പറയുന്നവയാണ്.

- പി.എച്ച്.കൊച്ചി
- നെയ്യാറ്റിൻകര
- കാസർഗോഡ്
- പത്തനംതിട്ട
- തിരുവല്ല
- വടകര
- ആലപ്പുഴ

5. **<u>റവന്യൂ റിക്കവറി</u>**: റവന്യൂ റിക്കവറി എല്ലാ ഡിവിഷനുകളും ഊർജ്ജിതമാക്കേണ്ടതാണ്. വാട്ടർ ചാർജ് കുടിശിക കാരണം വിച്ഛേദിച്ച കണക്ഷനുകളിൽ 7 ദിവസത്തിനകം തുക അടച്ചില്ലെങ്കിൽ പ്രീ ആർ.ആർ.നോട്ടീസ് നൽകുകയും ഒരു മാസത്തിനകം തീർപ്പാക്കിയില്ലെങ്കിൽ ആർ.ആർ.പൊർറ്റലിൽ അപ്ലോഡ് ചെയ്യുകയും ചെയ്യേണ്ടതാണ്.ഈ വര്ഷം 50,000 ൽ അധികം ഡിസ്കോണക്ഷൻ ചെയ്തെങ്കിലും ഏകദേശം 2000 RR മാത്രമേ പോർട്ടലിൽ ഉള്ളു എന്നു കാണുന്നു .CPL ൽ ഡിസ്കോണക്ഷൻ കാണുന്ന മുഴുവൻ (100 %) കണക്ഷനുകളും AE , AEE , HC, RO എന്നിവർ പരിശോധിക്കുകയും RR നടപടി എടുക്കുകയും ചെയ്യേണ്ടതാണ്.RO മാർ ഇതു സംബന്ധിച്ച് ഒരു TIME SCHEDULE ഉണ്ടാക്കി ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്നു RMC നിർദേശിച്ചു

I/36997/2023

മീറ്റിംഗിൽ നൽകിയ പൊതുവായ നിർദേശങ്ങൾ:

1. മാർക്കറ്റ് പ്ലേസിലെ പൊതുടാപ്പകളിൽ ഘടിപ്പിച്ച മീറ്ററുകളുടെ റീഡിങ് എടുത്തു നവംബർ 30 ന് മുമ്പ് പോസ്റ്റ് ചെയ്യേണ്ടതാണ്.
2. റൂട്ട് മാപ്പിനായി നൽകിയ ഗൂഗിൾ ഷീറ്റുകൾ നവംബർ 30 ന് മുമ്പ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
3. എല്ലാ എസ്റ്റാബ്ലിഷ്മെന്റ്/ഡിപ്ലോയ്ഡ് മീറ്റർ റീഡർമാരും പുതുക്കിയ ടാർജറ്റ് അനുസരിച്ചുള്ള റീഡിങ് എടുക്കുന്നുണ്ടെന്ന് റവന്യൂ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. കുറവ് വരുത്തുന്നവർക്കു ആനുപാതികമായ കുറവ്, ശമ്പളത്തിൽ വരുത്തേണ്ടതാണെന്നു ഒരു CIRCULAR നേരത്തേ നൽകിയിട്ടുള്ളത് റീഡർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്
4. ആംനസ്റ്റി പദ്ധതിയുമായി ബന്ധപ്പെട്ട ഗൂഗിൾ ഷീറ്റ് എല്ലാ റവന്യൂ ഓഫീസർമാരും ഇൻസ്റ്റാൾമെന്റ് അടച്ചവരുടെ തുകകൾ പൂർണമായും രേഖപ്പെടുത്തി പൂർത്തിയാക്കേണ്ടതാണ്
5. ബില്ലിംഗ് സോഫ്റ്റ്വെയർ മാറുന്നതുമായി ബന്ധപ്പെട്ട ഫങ്ക്ഷണൽ റിക്വയർമെൻറ് ഷീറ്റ് റവന്യൂ ഓഫീസർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്തിട്ടുണ്ട്. എല്ലാ റവന്യൂ ഓഫീസർമാർക്കും ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.
6. സർക്കാർ തലത്തിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നു. അതിനാൽ പരാതി ലഭിച്ച് 7 ദിവസത്തിനകം പരാതി പരിഹരിച്ച് പരാതിക്കാരന് മറുപടി നൽകുകയും ആയതിന്റെ പകർപ്പ് RMC. സെക്ഷന് നൽകേണ്ടതുമാണ്.
7. യൂണിവേഴ്സിറ്റി കോളേജിന്റെ വാട്ടർ ചാർജ് കുടിശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച പുരോഗതി തിരുവനന്തപുരം നോർത്ത് ഡിവിഷൻ റവന്യൂ ഓഫീസർ RMC. സെക്ഷനെ അറിയിക്കേണ്ടത്.
8. ജൽ ജീവൻ മിഷൻ വഴി നൽകിയ കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് അപേക്ഷിച്ച് കഴിഞ്ഞാൽ താൽകാലികമായി വിച്ഛേദിക്കാവുന്നതാണ്.
9. ഗൂഗിൾ ഷീറ്റുകളിൽ നൽകിയ ഡാറ്റയും ഇ അബാക്കസ് ഡാറ്റയും തമ്മിലെ വ്യത്യാസമുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. (പ്രത്യേകിച്ചും ഫോൺ നമ്പർ അപ്ഡേഷന് ,മീറ്റർ ഫോൾട്ടി നമ്പർ,ഡിസ്കോണക്ഷൻ എന്നിവയിൽ ) സെക്ഷൻ തലത്തിൽ ഫിൽ ചെയ്യുന്ന ഡാറ്റ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടത് റവന്യൂ ഓഫീസർമാരുടെ ചുമതലയാണ്. ഇത്തരത്തിൽ തെറ്റായ വിവരം സമർപ്പിക്കുന്നവർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.
10. 10 ലക്ഷം രൂപക്കു മുകളിൽകുടിശിക ഉള്ള ഗാർഹിക കണക്ഷനുകളുടെ ലിസ്റ്റ് പരിശോധിച്ചപ്പോൾ 40 ൽ 28 എണ്ണത്തിലും റീഡിങ് രേഖപ്പെടുത്തിയപ്പോൾ ഉണ്ടായ പിശകുകൾ മൂലമാണ് ഇത്രയും തുക കുടിശിക ആയതെന്നും അതുകാരണം ഡിസിബി യിൽ കുടിശിക വർധിച്ചതായും FM&CAO അറിയിച്ചു. എല്ലാ R O മാരും കൃത്യമായി കുടിശിക ലിസ്റ്റ് എല്ലാ മാസവും പരിശോധിച്ചു ഇങ്ങനെയുള്ള പിശകുകൾ ലെഡ്ജറിൽ നിന്നും ഒഴിവാക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ FM & CAO കർശന നിർദേശം നൽകി. റീഡിങ് പോസ്റ്റിംഗിൽ തെറ്റായതിനു ള്ളകാരണം കണ്ടെത്തി കുറ്റക്കാർക്കെതിരെ തുടർ നടപടികൾ R O മാർ സ്വീകരിക്കേണ്ടതാണ്.

യോഗം 1.30 ന് അവസാനിച്ചു.